"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ-എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിൽ കുട്ടമ്പുഴ-ആനക്കയം റോഡ്, കുട്ടമ്പുഴ-ഉരുളൻതണ്ണി- പിണവൂർകുടി റോഡ് എന്നീ പൊതുമരാമത്ത് റോഡുകളോട് ചേർന്ന് വരുന്ന പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 21 പേർക്ക് ഭൂമി പതിച്ച് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.74/2025/RD തീയതി,തിരുവനന്തപുരം, 15-03-2025

---

പരാമർശം:-

1. എറണാകുളം ജില്ലാ കളക്ടറുടെ 10-9-2024-ലെ DCEKM/11771/2023-L2 നമ്പർ കത്ത്
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 16-01-2025 തീയതിയിലെ LR/2364/2024-(PM-4) നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിൽ കുട്ടമ്പുഴ-ആനക്കയം റോഡ്, കുട്ടമ്പുഴ-ഉരുളൻതണ്ണി-പിണവൂർകുടി റോഡ് എന്നീ പൊതുമരാമത്ത് റോഡുകളോട് ചേർന്ന് വരുന്ന പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 21 പേർക്ക് ഭൂമി പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കുട്ടമ്പുഴ-ആനക്കയം റോഡ് കുട്ടമ്പുഴ വില്ലേജിൽ ബ്ലോക്ക് നം. 3-ൽ റീസർവ്വെ നം.237-ൽ ഉൾപ്പെട്ടതാണെന്നും പ്രസ്തുത റീസർവ്വെ നമ്പരിൽ ആകെ 31.5700 ഹെക്ടർ വിസ്തീർണ്ണം ഉള്ളതാണെന്നും, റീസർവേയ്ക്ക് ശേഷം റോഡ് നിർമ്മിച്ചത് കാരണം റോഡ് സബ് ഡിവിഷൻ ചെയ്തിട്ടില്ലായെന്നും നിലവിൽ കുട്ടമ്പുഴ-ആനക്കയം റോഡിന് 8 മീറ്റർ ശരാശരി വീതിയുള്ളതാണെന്നും അറിയിച്ചിരുന്നു. കുട്ടമ്പുഴ- ഉരുളൻതണ്ണി-പിണവൂർകുടി ബ്ലോക്ക് 3-ൽ റീസർവ്വെ നം. 502/1-ൽ ഉൾപ്പെട്ടതും ബി.റ്റി.ആർ പ്രകാരം പ്രസ്തുത റീസർവ്വെ നമ്പരിൽ ആകെ 52.4235 ഹെക്ടർ വിസ്തീർണ്ണമുള്ളതും, റീസർവെയ്ക്ക് ശേഷം റോഡ് പൊതുമരാമത്ത് റോഡാക്കി വീതി കൂട്ടി നിർമ്മിച്ചതിനാൽ ഈ റോഡും സബ് ഡിവിഷൻ ചെയ്തിട്ടില്ലാത്തതും നിലവിൽ ശരാശരി 8 മീറ്റർ വീതി ഉള്ളതുമാണ് എന്നും കുട്ടമ്പുഴ-ആനക്കയം റോഡിന്റെ യഥാർത്ഥത്തിലുള്ള വീതി 22 മീറ്ററും, കുട്ടമ്പുഴ-ഉരുളൻതണ്ണി-പിണവൂർകുടി റോഡിന്റെ യഥാർത്ഥത്തിലുള്ള വീതി 15 മീറ്ററും ആണെന്ന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായി അറിയിച്ചിട്ടുണ്ട്. തുടർന്ന് കോതമംഗലം എം.എൽ.എ, പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുമായി ജില്ലാ കളക്ടർ 14.02.2022ൽ നടത്തിയ യോഗത്തിൽ റോഡുകളുടെ ശരിയായ വീതി **(22 മീറ്റർ, 15 മീറ്റർ)** ലഭിക്കത്തക്കവിധം ഭൂമി നീക്കിയിട്ടശേഷം ബാക്കി ഭൂമി പതിച്ചു നൽകുവാൻ തീരുമാനമെടുത്തിട്ടുള്ളതായും അപ്രകാരം ഭാവി റോഡ് വികസനത്തിനു വേണ്ടി സ്ഥലം മാറ്റിയതിനുശേഷമുള്ള ഭൂമി പതിച്ചു നൽകുന്നതിനായാണ് സ്കെച്ചും മഹസ്സറും തയ്യാറാക്കിയിട്ടുള്ളതെന്നും കൂടാതെ ടി റോഡുകളിലെ മറ്റ് ഭാഗങ്ങൾ വളരെ കുറഞ്ഞ വീതിയുള്ള റോഡ് ഭാഗം ഒഴിവാക്കി മുൻപേ തന്നെ പതിഞ്ഞ് പോയിട്ടുള്ളതുമാണ് എന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 21 പേർക്ക് ഭൂമി പതിച്ച്

നൽകുന്നതിനായി റവന്യൂ പുറമ്പോക്കിൽ നിന്നും ഭാവി റോഡ് വികസനത്തിന് ആവശ്യമായ ഭൂമി നീക്കി വച്ചിട്ടാണ് പതിവിനുള്ള സ്കെച്ചും മഹസ്സറും തയ്യാറാക്കിയിട്ടുള്ളത് എന്ന സാഹചര്യത്തിൽ ബാക്കി പുറമ്പോക്ക് ഭൂമി തരിശിലേക്ക് ഇനം മാറ്റി പട്ടയം നൽകാവുന്നതാണെന്ന് ലാൻ്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യൂ പുറമ്പോക്കിൽ നിന്നും റോഡ് വികസനത്തിനായി ആവശ്യമുള്ള ഭൂമി മാറ്റി വച്ച ശേഷമാണ് പതിവിനുള്ള സ്കെച്ചും മഹസ്സറും തയാറാക്കിയിട്ടുള്ളത് എന്നതിനാലും പട്ടയം നൽകേണ്ട ഭൂമി പി.ഡബ്ള്യു.ഡി പുറമ്പോക്കല്ല, മറിച്ച് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള റവന്യൂ പുറമ്പോക്കാണ് എന്നതിനാലും ലാന്റ് റവന്യു കമ്മീഷണർ ശുപാർശ ചെയ്തിട്ടുള്ള പ്രകാരം എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിൽ കുട്ടമ്പുഴ-ആനക്കയം റോഡ്, കുട്ടമ്പുഴ-ഉരുളൻതണ്ണി- പിണവൂർകുടി റോഡ് എന്നീ പൊതുമരാമത്ത് റോഡുകളോട് ചേർന്ന് വരുന്ന പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 21 പേർക്ക് അർഹത പരിശോധിച്ച് റവന്യു ഭൂമി തരിശിലേക്ക് ഇനം മാറ്റി പതിച്ച് നൽകുന്നതിന് വേണ്ട നിയമാനുസൃത തുടർനടപടി സ്വീകരിയ്ക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം
പൊതുമരാമത്ത് വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suresh Kumar K
Date: 17-03-2025 11:15:32
സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.